I ഇ.ബി. XII - കേരള നിയമസഭ/XV-18

## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

ആദിവാസി ഭൂമി

മി. സ്പീക്കർ: അട്ടപ്പാടിയിലെ ഷോളയാർ പഞ്ചായത്തിൽപ്പെട്ട നല്ലശിങ്ക, വനരംപാടി ആദിവാസി ഊരുകളിലെ നൂറുകണക്കിന് ഏക്കർ ഭൂമി വ്യാജ ആധാരത്തിലൂടെ റിയൽ എസ്റ്റേറ്റ് മാഫിയ കൈവശപ്പെടുത്തിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.പി. മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പാലക്കാട് ജില്ലയിലെ കോട്ടത്തറ വില്ലേജിൽ നല്ലശിങ്ക, വനരംപാടി ഊരുകളിൽപ്പെടുന്ന ആദിവാസികൾക്ക് അവകാശപ്പെട്ടതും കൈവശം വച്ചുവരുന്നതുമായ 150 ഏക്കറോളം ഭൂമി അന്യാധീനപ്പെട്ടു പോയതായി അട്ടപ്പാടി ഐ.ടി.ഡി.പി. ആഫീസർ ഒറ്റപ്പാലം ആർ.ഡി.ഒ.യ്ക്കും കളക്ടർക്കും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാകള്കടർ പ്രാഥമികാന്വേഷണം നടത്തുകയും വിശദമായ അന്വേഷണം നടത്തുന്നതിന് ഒറ്റപ്പാലം ആർ.ഡി.ഒ.യെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിൽ അഗളി സബ്രജിസ്ട്രാർ ആഫീസിൽ 1987 മുതൽ 2009 വരെയുള്ള കാലയളവിൽ സർവ്വേ 1275-ലുൾപ്പെട്ടതിലധികം വിസ്തീർണ്ണ ത്തിലുള്ള ഭൂമിയിൽ 101 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി മന സ്സിലാക്കുന്നു. സർവ്വേ 1275 A & B രജിസ്റ്റർ പ്രകാരമുള്ള ഭൂമിയേക്കാൾ കൂടുതൽ ഭൂമി കൈമാറ്റം നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തി യിട്ടുണ്ട്. ആദിവാസികളുടെ കൈവശമുള്ള ഭൂമിയുടെ കണക്ക് തിട്ടപ്പെടു ത്തുന്നതിന് 23-07-2010-ൽ കോട്ടത്തറ വില്ലേജാഫീസിൽ വച്ച് തെളിവെടുപ്പ് നടത്തുന്നതാണ്. സ്വകാര്യ സംരംഭകർ നേരിട്ട് ഭൂമി ഏറ്റെടുത്ത് നൽകുക എന്ന മാനദണ്ഡമനുസരിച്ച് സർജന്റ് റിയാലിറ്റീസ് ഗവൺമെന്റിന് അപേക്ഷ നൽകുകയും പ്രസ്തുത സ്ഥലത്ത് കാറ്റാടി നിലയം സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത അനുമതി ഒരു കാരണവ ശാലും ഭൂമിയിന്മേലുള്ള അവകാശ അംഗീകരണമല്ലെന്ന് ഗവൺമെന്റ് ഉത്ത രവിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിയമവിരുദ്ധമായി ഭൂമി കൈവശപ്പെടു

ത്തിയിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതായിരിക്കും. സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് മൂന്നുമാസങ്ങൾക്കകം സർവ്വേ 1275-ൽ ഉൾപ്പെട്ട ഭൂമി രജിസ്റ്റർ ചെയ്തുകൊടുത്തതു സംബന്ധിച്ച് അന്വേഷണം വേണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണത്തിന് ഉത്തരവിടുകയും ഡി.എഫ്.ഒ. അന്വേഷിച്ച് റിപ്പോർട്ട് നൽകുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. പോലുമില്ലാതെ നിയമലംഘനത്തിലൂടെ വനഭൂമി ഉൾപ്പെടെയുള്ള ഭൂമി അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതായാണ് അറിയിച്ചിരിക്കുന്നത്. ആദിവാസികളെ കബളിപ്പിക്കുകയും, വനഭൂമി തട്ടിയെടുക്കുകയും ചെയ്തതിനൊപ്പം 230 ഏക്കർ സ്ഥലത്തിനുപകരം 400 ഏക്കർ ഭൂമി ഇപ്രകാരം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് രജിസ്റ്റർ ചെയ്തുകൊടുത്തിരിക്കുന്നു. കാറ്റാടി നിലയം പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി 33 കോടി രൂപയുടെ പ്രോജക്ടിന് ടി.എസ്. കൊടുത്തതും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണയപ്പെടുത്തി ലോൺ ലഭ്യമാക്കിയതും ബാങ്ക് ജപ്തി ചെയ്ത് നോട്ടീസ് പതിപ്പിച്ചതുമായ പ്രസ്തുത സ്ഥലത്തിന്റെ കൈമാറ്റത്തെക്കുറിച്ച് ബാങ്കുപോലും അറിഞ്ഞിട്ടില്ലെന്നതാണ് വസ്തുത. നല്ലശിങ്ക, വനരംപാടി ആദിവാസി ഊരുകളിലെ ഭൂമികൈമാറ്റം നടത്തിയതിനെ സംബന്ധിച്ച ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കണം. സോയിൽ കൺസർവ്വേഷൻ വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് നല്ലശിങ്ക, വനരംപാടി ആദിവാസി ഊരുകളിൽനിന്ന്

കരമടച്ച രസീതും പൊസഷൻ സർട്ടിഫിക്കറ്റും വാങ്ങിയിരുന്നതായും ആദിവാസികളറിയാതെ പലരുടേയും പേരിൽ ഈ സ്ഥലമെല്ലാം വില്പന നടത്തിയതായും രേഖകളുണ്ട്. ആദിവാസികൾ നൽകിയതിനേക്കാൾ ഭൂമി സ്ഥാപനങ്ങൾ കയ്യേറിയിട്ടുണ്ടെന്ന് സ്ഥലവാസികൾ പറഞ്ഞതായി പ്രോജക്ട് ഓഫീസർ റിപ്പോർട്ട് നൽകിയിരിക്കുകയാണ്. ആദിവാസികളുടെ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽത്തന്നെ ബോധ്യപ്പെട്ടിട്ടും അത് വീണ്ടെടുക്കുന്നതിന് ഗവൺമെന്റ് യാതൊരു നടപടി യും കൈക്കൊണ്ടില്ല. ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന്റെ കാലാവധി ജനുവരിമാസം 27-ന് അവസാനിച്ചു. ഭൂമി തട്ടിയെടുത്ത റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കെതിരെ നടപടി സ്വീകരിക്കുകയും കൈമാറ്റം ചെയ്യപ്പെട്ട ഭൂമി ആദിവാസികൾക്ക് തിരിച്ചുനൽകുകയും ചെയ്യണം. ഇതിനുകൂട്ടുനിന്ന ഉദ്യോ ഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഇത്തരം ഭൂമിതട്ടിപ്പിനെ ക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> കൈമാറ്റം ചെയ്യപ്പെട്ടതും അനധികൃതമായി കൈവശം വയ്ക്കുന്ന തുമായ ഭൂമി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് കൊടുക്കുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. അതിന്റെ ഭാഗമായി അട്ടപ്പാടിയിൽ ആദിവാ സികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരി ക്കുകയും 7-5-2010-ന് ഒറ്റപ്പാലം ആർ.ഡി.ഒ.-യ്ക്ക് ഐ.ടി.ഡി.പി. ഓഫീസർ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടുന്നതായി റിപ്പോർട്ട് കൊടുക്കുകയും ചെയ്തു. അട്ടപ്പാടി-അഗളി പ്രദേശങ്ങളിലെ ആദിവാസി ഭൂമി അന്യാധീന പ്പെട്ടത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒറ്റപ്പാലം ആർ.ഡി.ഒ,

മണ്ണാർക്കാട് ഡി.എഫ്.ഒ., പാലക്കാട് ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ച് 2010 ഏപ്രിൽ, ജൂൺ മാസങ്ങളിൽ നടത്തിയ പരിശോധനയുടെ ഭാഗമായിട്ടുകൂടിയാണ് ഈ തട്ടിപ്പിനെ സംബന്ധിച്ച റിപ്പോർട്ട് പുറത്തുവന്നിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നിയമം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് കേന്ദ്ര ആദിവാസിനിയമം നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തിയത്. അതിനെപ്പോലും തകർക്കുന്ന ശ്രമങ്ങളാണ് ഭൂമാഫിയയും മറ്റുള്ളവരും ചേർന്ന് നടത്തുന്നത്. അതുകൊണ്ട് കേന്ദ്ര നിയമം മറ്റേതൊരു സംസ്ഥാനം നടപ്പിലാക്കുന്നതിനേക്കാൾ ശുഷ്ക്കാന്തിയോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കാൻ പരിശ്രമിക്കുകയാണ്. ഒരു സെന്റ് ഭൂമിയെങ്കിലും ആദിവാസികൾക്ക് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് പിടിച്ചെടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. ഇതുമായി ബന്ധപ്പെട്ട് രണ്ടു ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. സർവ്വേ വകുപ്പിൽ തിരിമറി നടത്തിയ ഉദ്യോഗസ്ഥരേയും റവന്യൂവകുപ്പ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലോണിനും മറ്റാവശ്യങ്ങൾക്കുമായി ആധാരവുമായി വരുമ്പോൾ വസ്തുവിനെ സംബന്ധിക്കുന്ന ടൈറ്റിൽ ഡീഡ്, പൊസഷൻ സർട്ടിഫിക്കറ്റ്, എൻകമ്പറൻസ് സർട്ടിഫിക്കറ്റ് തുടങ്ങിയ ലീഗൽ കാര്യങ്ങൾ പരിശോധിക്കുകയല്ലാതെ വസ്തുവിന്റെ ക്രെഡിബിലിറ്റി നോക്കാറില്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഈ വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻ ആർ.ഡി.ഒ., ഡി.എഫ്.ഒ., ഡിസ്ട്രിക്ട് രജി

സ്ട്രാർ എന്നിവർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് യഥാർത്ഥ വസ്തുത റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. ആദിവാസി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ച് ജില്ലാകളക്ടർ ഒരാഴ്ചയ്ക്കു ള്ളിൽ റിപ്പോർട്ട് നൽകുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടിക്രമങ്ങളിൽ തെറ്റ് സംഭവിച്ചിട്ടുണ്ടോ എന്നും ക്രമവിരുദ്ധമായി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോയെന്നും പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ യിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരി കയും ചെയ്തു)

## ശ്രദ്ധക്ഷണിക്കൽ

(1) <u>കായിക താരങ്ങൾക്ക് ക്ഷേമനിധി</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: സംസ്ഥാനത്തെ കായിക താരങ്ങൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കായിക രംഗത്ത് ഈ ഗവൺമെന്റ് പ്രശംസനീയമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടു ണ്ടെങ്കിലും അന്തർദേശീയ-ദേശീയ-സംസ്ഥാന നിലവാരത്തിൽ മികവ് തെളി യിക്കുന്ന കായികതാരങ്ങൾ ഈ രംഗത്ത് ഉറച്ചുനിൽക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. കായികതാരങ്ങളുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കണം. ഒരു കായികതാരത്തെ വാർത്തെടുക്കുന്നതിന് പ്രാഥമിക

ഘട്ടത്തിൽ രക്ഷകർത്താക്കൾക്ക് ഏറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. വർഷംതോറും പതിനായിരക്കണക്കിന് കായികതാരങ്ങൾ മത്സര രംഗത്ത് വരികയും നല്ല നിലവാരം പുലർത്തുകയും ചെയ്യുന്നുണ്ടെങ്കിലും മത്സരങ്ങളിൽ പങ്കെടുക്കുമ്പോഴുണ്ടാകുന്ന പരിക്കുമൂലവും ജോലിയും ജീവിത സുരക്ഷിതത്വവും ലഭിക്കാത്തതുകൊണ്ടും പല താരങ്ങളും മത്സരങ്ങളിൽനിന്നും പിന്മാറുന്ന സാഹചര്യം നിലവിലുണ്ട്. ശാരീരിക-മാനസിക ജീവിത സുരക്ഷിതത്വത്തിന്റെ അഭാവം സംസ്ഥാന കായിക കലയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുകയാണ്. പുത്തൻ തലമുറയിൽത്തന്നെ ഫുട്ബോൾ രംഗത്ത് മികവ് കാട്ടിയ നിരവധി താരങ്ങൾ പരിക്ക് പറ്റി പിന്മാറുകയോ പ്രാഗത്ഭ്യം തെളിയിച്ചിട്ടും അംഗീകാരം കിട്ടാതെ രംഗം വിടുകയോ ചെയ്യുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ഉജ്ജ്വലമായ പ്രകടനത്തിനുശേഷവും പല താരങ്ങൾക്കും രണ്ടാം വരവിന് സാധിക്കുന്നില്ല എന്നത് ഗൗരവമേറിയ വിഷയമാണ്. കേരള ഗവൺമെന്റ് കായികരംഗത്ത് നിൽക്കുന്നവർക്ക് പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും കായിക രംഗത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് എല്ലാ കായികതാരങ്ങൾക്കും പ്രയോജനം ചെയ്യുന്ന രൂപത്തിൽ ഒരു ക്ഷേമനിധി രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ക്ഷേമനിധിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി സമയബന്ധിതമായി ബന്ധപ്പെട്ട എല്ലാ അസോസിയേഷനുകളുടേയും ഒരു യോഗം വിളിച്ചുചേർക്കുകയും ഇതിനായി പ്രത്യേകമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കായികരംഗത്ത്

അന്തർദേശീയ-ദേശീയ-സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കി സംസ്ഥാനത്തിന് അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിയ നിരവധി കായികതാരങ്ങൾ ദുരിതം അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായികതാരങ്ങൾക്ക് എല്ലാ സംരക്ഷണവും നൽകുക എന്നത് സംസ്ഥാന സർക്കാർ ഒരു പ്രഖ്യാപിത നയമായി അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ മുഖേന നൽകിവരുന്ന പെൻഷൻ പദ്ധതി നിലവിലുണ്ട്. ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ വിജയികളായവർക്ക് രണ്ടുകോടി അൻപത്തിയേഴ് ലക്ഷം രൂപ ഈ സർക്കാർ ഇതുവരെ ക്യാഷ് ഇൻസെന്റീവായി നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒളിമ്പ്യൻ പ്രീജാ ശ്രീധരന് പത്തുലക്ഷം രൂപയും ദേശീയ സ്ക്കൂൾ അത്‌ലറ്റിക് മീറ്റിൽ നാല് സ്വർണ്ണ മെഡലും ഒരു വെള്ളി മെഡലും നേടിയ കുമാരി വി.എം. ഇന്ദുലേഖയ്ക്ക് അഞ്ച് ലക്ഷം രൂപയും ലോക പഞ്ചഗുസ്തി മത്സരത്തിൽ പങ്കെടുത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ശ്രീ. ഹരീഷിനും ശ്രീ. ജോബി മാത്യുവിനും ഓരോ ലക്ഷം രൂപ വീതവും അന്തർദേശീയ കായികതാരമായ രഞ്ജിത് മഹേശ്വരിക്ക് ഒരു ലക്ഷം രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. കഴിഞ്ഞവർഷം സർക്കാരിന് സമർപ്പിച്ച സംസ്ഥാന സ്പോർട്ട്സ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കാനായി ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കായികതാരങ്ങൾക്കായി ദേശീയതലത്തിൽ നിലവിലുള്ള ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാനത്ത് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടിയാണ് ഈ പണം വിനിയോഗിക്കാനുദ്ദേശിക്കുന്നത്. സർക്കാർ വിഹിതത്തിനുപുറമെ ഈ ഫണ്ടിലേയ്ക്ക് വിവിധ മേഖലകളിൽ നിന്നും ധനസമാഹരണം നടത്താനും തീരുമാ

നിച്ചിട്ടുണ്ട്. സംസ്ഥാന സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിന് സ്പോർട്ട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൗൺസിലിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ട് എന്ന പേരിൽ കായികതാരങ്ങൾക്കായി മാത്രം ഒരു ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി അടിയന്തിരമായി ഒരു ഉന്നതതല യോഗം വിളിക്കുന്നതുമാണ്.

(2) വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ

ശ്രീ. സി. പി. മുഹമ്മദ്: സംസ്ഥാനത്ത് വയോജനങ്ങൾ പീഡിപ്പിക്കപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. 60 വയസ്സുകഴിഞ്ഞ മാതാപിതാക്കളെ സംരക്ഷിക്കാത്തവർക്ക് പിഴസഹിതം തടവുശിക്ഷ വിധിക്കാൻ കേന്ദ്ര സർക്കാരിന്റെ വയോജനനിയമത്തിൽ വ്യവസ്ഥയുണ്ട്. വസ്തുദാനവും സംരക്ഷണാവകാശവും സംബന്ധിച്ച സുപ്രധാന വ്യവസ്ഥയും നിയമത്തിലുണ്ട്. 10000 രൂപവരെ പിഴ വിധിക്കാനും ദാനംചെയ്ത വസ്തു തിരിച്ചുപിടിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ജില്ലാകളക്ടർമാരേയും ആർ.ഡി.ഒ.മാരേയും വയോജനങ്ങളുടെ പരാതി പരിശോധിക്കുവാൻ അധികാരപ്പെടുത്തുന്നുണ്ട്. ജില്ലാതലത്തിൽ വയോജന ട്രിബ്യൂണൽ, ജില്ലാ ആശുപത്രിയിൽ പ്രത്യേക ചികിത്സാസൗകര്യം എന്നിവയും ഉറപ്പ് പറയുന്നുണ്ട്. വയോജനങ്ങളുടെ പരാതി 90 ദിവസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും പല ജില്ലകളിലും കൺസീലിയേഷൻ ഓഫീസർമാരെ ഇതുവരെ നിയമിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. മാതാപിതാക്കളെ സംരക്ഷിക്കുന്നത്

സംബന്ധിച്ച കാര്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും നിലവിലുള്ള കേന്ദ്രനിയമം ആറുമാസത്തിനുള്ളിൽ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 2008-ലെ ദേശീയനിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ട്രിബ്യൂണലുകൾ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ അപ്പലറ്റ് ട്രിബ്യൂണലും അതിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി ജില്ലാകളക്ടർമാരേയും നിയമിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ഡ്യൂട്ടി നിർവ്വഹിക്കാനുള്ള അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. വയോജനക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ ഫലപ്രദമായ നടപടി സ്വീകരിക്കുകയും വിവിധ ഇനങ്ങളിലായി വയോജനക്ഷേമത്തിന് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വയോജന കൗൺസിലും പ്രവർത്തിക്കുന്നു. വയോജന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളും പകൽ പരിപാലന കേന്ദ്രങ്ങളും തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഭരണപരമായ ചെലവിനായി കഴിഞ്ഞ സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വയോജന നയത്തിൽ പ്രതിപാദിക്കുന്ന സാമ്പത്തിക സുരക്ഷ, ആരോഗ്യസേവനം, കുടുംബം, സ്ഥാപനപരമായ സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ ഊന്നൽ നൽകുന്നുണ്ട്. പഞ്ചായത്തിരാജ് സ്ഥാപനങ്ങളും സർക്കാരിതര

സംഘടനകളും ഈ രംഗത്ത് ചെയ്യുന്ന ഫലപ്രദമായ കാര്യങ്ങളിൽ സർക്കാർ സഹായവും പ്രോത്സാഹനവും നൽകുന്നതാണ്. സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിൽ സർക്കാർ പ്രതിമാസം ആളൊന്നിന് 200 രൂപ വീതം നൽകുന്നു. സംസ്ഥാനത്തെ 8 ഓൾഡേജ് ഹോമുകളോടനുബന്ധിച്ച് പകൽ പരിപാലനകേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാർ അനുമതി നൽകുകയും പകൽ പരിപാലനകേന്ദ്രത്തിൽ വന്നുപോകുന്ന വയോജനങ്ങളുടെ യാത്രയ്ക്കുള്ള പ്രതിമാസ വാഹന വാടകത്തുക 10000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓൾഡേജ് ഹോമിലെ അന്തേവാസികൾക്കായി മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണ വിതരണം, പുസ്തക വിതരണം എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചു. ജില്ലാ സാക്ഷരതാമിഷൻ വഴി സാക്ഷരതാ പ്രസിദ്ധീകരണങ്ങൾ വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ആശുപത്രി ചികിത്സ കഴിഞ്ഞ് വരുന്ന സംരക്ഷിക്കാൻ ആരുമില്ലാത്ത വയോജനങ്ങൾക്കായി സന്നദ്ധ സംഘടനകളുമായി ചേർന്ന് ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 9-ാം വാർഡിനെ ജീറിയാട്രിക് വാർഡാക്കി മാറ്റുകയും അവിടെ അന്തേവാസികളെ മാറ്റിപ്പാർപ്പിക്കുന്ന മൂന്ന് സന്നദ്ധ സംഘടനകൾക്ക് സഹായവും നൽകിവരുന്നു. വയോജന ക്ഷേമത്തിനായി എല്ലാ ജില്ലാ ആശുപത്രികളിലും ഫലപ്രദമായ പ്രവർത്തനം നടപ്പിലാക്കിവരുന്നു. വയോജന പെൻഷൻ 2010 ഏപ്രിൽ മുതൽ 300 രൂപയായി വർദ്ധിപ്പിക്കുകയും ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയനുസരിച്ച് കൂടുതൽപേർക്ക് പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങളെ കുടുംബങ്ങളിൽ സംരക്ഷിക്കുന്നതിനുവേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന്

നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാവശ്യമായ കർശനനടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ആയുധ വിവരം വെളിപ്പെടുത്തൽ

ശ്രീ. കെ.എം. മാണി : വനപ്രദേശത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരുടെ കൈവശമുള്ള ആയുധങ്ങളുടെ കണക്ക് വൈൽഡ് ലൈഫ് വാർഡന് കൊടുക്കണമെന്നുള്ള ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : അങ്ങനെയൊരു ഉത്തരവ് ഇറങ്ങിയിട്ടില്ല. തോക്കിന് ഇത് ബാധകമാണ്.

(2) കെ.ഇ.ആർ. ഭേദഗതി

ശ്രീ. കെ. കെ. ജയചന്ദ്രൻ : നിലവിലുള്ള കെ.ഇ.ആർ വ്യവസ്ഥകളിൽ മാറ്റം വരുത്തി ഇടുക്കി ജില്ലയിൽ കായികാദ്ധ്യാപകരുടെ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ആവശ്യത്തിന് കായികാദ്ധ്യാപകരേയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരേയും ലഭ്യമാക്കാനുള്ള ശ്രമം വിദ്യാഭ്യാസ-കായിക വകുപ്പുകൾ സംയുക്തമായി നടത്തുകയാണ്. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി ഈ വർഷം നടപ്പാക്കുകയാണ്. നിലവിലുള്ള അദ്ധ്യാപകരെ നിലനിർത്താനും, കൂടുതൽ അദ്ധ്യാപകരെ നിയമിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇടുക്കി ജില്ലയിൽ

കായിക അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പ്രത്യേകം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

(3) കാട്ടാക്കട-കോട്ടൂർ റോഡ്

ശ്രീ. ജി. കാർത്തികേയൻ: കാട്ടാക്കട-കോട്ടൂർ റോഡ് ബി.എം.&എ.സി-യാക്കി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : വളരെ പ്രധാന പ്പെട്ടതും തിരക്കേറിയതുമായ കാട്ടാക്കട-കോട്ടൂർ റോഡ് ബി.എം.&എ.സി-യാക്കി ബലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരി ക്കുന്നതാണ്.

(4) കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം

ശ്രീ. എം.എം. മോനായി: കുന്നത്തുനാട് മണ്ഡലത്തിലെ പുതിയ കെട്ടി ടങ്ങളുടെ ഡ്രോയിംഗ് തയ്യാറാക്കി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കി ഇത്തരം പദ്ധതികൾ വികേന്ദ്രീകരിച്ച് താഴേത്തലങ്ങളിൽത്തന്നെ നടപ്പിലാക്കുവാനും കോലഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനം എത്രയുംവേഗം ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 20-07-2010-ന് നടന്ന ജില്ലാതല റിവ്യൂ മീറ്റിംഗിൽ ഈ വിഷയം വളരെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കോലഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ ഡ്രോയിംഗ് എത്രയുംപെട്ടെന്ന് പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) <u>മരാമത്തുപ്രവൃത്തികൾ</u>

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പുളിക്കീഴ് പാലം നിർമ്മാണം, ഹരിപ്പാട് കോർട്ട് കോംപ്ലക്സ്, ചെറുതന ക്കടവ് കാർട്ടബിൾ പാലം, ചെറുതന അലോപ്പതി സബ്സെന്റർ, തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ റോഡ്, ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ്, ഹരിപ്പാട് ടൗൺ ഡീവിയേഷൻ റോഡ്, കുമാരകോടിപ്പാലം തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : പുളിക്കീഴ് പാലത്തിന്റെ നിർമ്മാണം തൊഴിൽ തർക്കവും മറ്റുചില പ്രശ്നങ്ങളുംമൂലം നിർത്തിവയ്ക്കുകയും പിന്നീട് ഡീവിയേഷൻ റോഡിന്റെ പണി പൂർത്തീക രിച്ച് നിലവിലുള്ള പാലം പൊളിച്ച് പുതിയ പാലത്തിന്റെ പണി ആരംഭിക്കു കയും തോടിന് കുറുകെയുള്ള ബണ്ട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഫൗണ്ടേഷൻ നിർമ്മാണത്തിനുവേണ്ടി വെള്ളം വറ്റിക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നു. നെടുമുടി-കരുവാറ്റാ റോഡിന്റെ പണി പുരോ ഗമിക്കുന്നു. ഡാണാപ്പടി പഴയപാലം പണി ഉടനെ ആരംഭിക്കുന്നതാണ്. ചെറുതനക്കടവ് കാർട്ടബിൾ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിസൈൻ പൂർത്തീകരിച്ചശേഷം പണി ടെണ്ടർ ചെയ്യുന്നതാണ്. തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ റോഡിന്റെ വീതി കൂട്ടൽ, ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ്, കുമാരകോടിപ്പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. ഹരിപ്പാട്-വീയപുരം റോഡിലെ പായിപ്പാട് പാലം മുതൽ വീയപുരം പാലം വരെയുള്ള പ്രവൃത്തികൾക്ക് 84 ലക്ഷം രൂപയുടെ ഭരണാ നുമതി നൽകി ടെണ്ടർ വിളിച്ചിരിക്കുകയാണ്. കരുവാറ്റാ-നെടുമുടി റോഡിൽ

ലീഡിംഗ് ചാനലിന് കുറുകെയുള്ള മുതലക്കുറിച്ചി പാലത്തിന് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ഹരിപ്പാട് കോർട്ട് കോംപ്ലക്സിന്റെ ഡിസൈൻ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളുകൾക്കനുസരിച്ച് പരിഷ്ക്കരിക്കാൻ നടപടി എടുത്തുവരുന്നു. ഹരിപ്പാട് മിനി സിവിൽസ്റ്റേഷൻ പ്രവൃത്തിയുടെ റീ-ടെണ്ടർ 29-06-2010-ൽ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ ഫിനാൻഷ്യൽ ബിഡ് 21-07-2010-ൽ തുറന്നതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(6) സുഭിക്ഷ പദ്ധതി വിപുലീകരണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : കേന്ദ്ര സർക്കാരിന്റെ ദാരിദ്ര്യലഘൂകരണ പദ്ധതിപ്രകാരം സ്ത്രീകൾക്ക് സ്വയംതൊഴിൽ നൽകുന്ന പേരാമ്പ്രയിലെ "സുഭിക്ഷ"-യുടെ വിപുലീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): "സുഭിക്ഷ" പദ്ധതിയുടെ വിപുലീകരണത്തിനായി 508.78 ലക്ഷം രൂപയ്ക്കുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി നബാർഡിന്റെ ധനസഹായത്തിന് സമർപ്പിച്ചെങ്കിലും ധനസഹായം ലഭിക്കാത്തതിനാലാണ് കാലതാമസം വന്നത്. ഇത് സംബന്ധിച്ച് പ്രത്യേകം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(7) അന്ധരുടേയും മറ്റ് വികലാംഗരുടേയും നിയമനം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. പി. വിശ്വൻ : പാർലമെന്റ് പാസ്സാക്കിയ വികലാംഗ സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാന സർക്കാരും വികലാംഗർക്ക് മൂന്ന് ശത മാനം സംവരണം ഏർപ്പെടുത്തുകയും 2004 ജനുവരി മുതൽ നിയമനം പി.എസ്.സി.ക്ക് വിടുകയും ചെയ്തു. എന്നാൽ ഇവർക്ക് അർഹമായ നിയമനം ലഭിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് ലംഘിച്ചുകൊ ണ്ടുള്ള നടപടി ഉണ്ടാകരുതെന്ന് ആവശ്യപ്പെട്ട് അന്ധരും മറ്റ് വികലാംഗരും സെക്രട്ടേറിയറ്റിനുമുമ്പിൽ അനിശ്ചിതകാല സമരം ആരംഭിച്ചിരിക്കുകയാണ്. പ്രസ്തുത പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : ഈ സർക്കാരിന്റെ കാലത്ത് വികലാംഗർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുന്നതിന് ക്ലാസ്സ് 1, 2 വിഭാഗങ്ങളിൽ 28 തസ്തികകളിൽക്കൂടി സംവരണം ഏർപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. 2005-ലെ ഉത്തരവനുസരിച്ച് 20 തസ്തികകളിൽ മാത്രം സംവരണം ഏർപ്പെടുത്തിയിരുന്നത് 48 ആയി ഉയർത്തി. ക്ലാസ്സ് 3, 4 തസ്തികകളിൽ വികലാംഗ നിയമനത്തിന് അനുയോജ്യമെന്ന് വിദഗ്ദ്ധസമിതി കണ്ടെത്തിയ 204 തസ്തികകൾ കൂടി വികലാംഗ സംവരണത്തിനുള്ള തസ്തികയുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അനുയോജ്യമായ തസ്തികകൾ ഇല്ലാത്തതിനാൽ ജോലി ലഭിക്കാതിരുന്ന നൂറുകണക്കിന് വികലാംഗകർക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നിയമനങ്ങൾ

പി.എസ്.സിക്ക് വിടാനുള്ള സുപ്രധാനമായ തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. ജില്ലാകളക്ടർ മുഖേന നിയമനം നടത്തിയിരുന്നപ്പോൾ അർഹമായ സംവരണം നടപ്പാക്കാൻ കഴിയാത്തതുമൂലമുണ്ടായ ബാക്ക്ലോഗ് നികത്താൻ പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനും സർക്കാർ ഊർജ്ജിതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 1998 മുതൽ 2003 വരെ സംവരണ നിയമനത്തിലുണ്ടായിരുന്ന ടാർജറ്റ് 2402 ആയിരുന്നു. അതിൽ 1851 പേർക്ക് നിയമനം നൽകുകയും 2007 നവംബറിൽ സർക്കാർ ഇറക്കിയ പ്രത്യേക ഉത്തരവിലൂടെ 604 പേർക്കുകൂടി നിയമനം നൽകികൊണ്ട് ബാക്ക് ലോഗ് നികത്തുകയും ചെയ്തിട്ടുണ്ട്. 2008-09 വർഷങ്ങളിലായി 345 പേർക്ക് വികലാംഗ സംവരണം നിയമപ്രകാരം പി.എസ്.സി. നിയമനം നൽകിയിട്ടുണ്ട്. 2004-07 കാലയളവിലെ സംവരണനിയമനത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിന് പി.എസ്.സി. യുമായി ചർച്ച നടത്തിവരികയാണ്. സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തുന്ന സംഘടനകൾ ഈ വസ്തുതകൾ മനസ്സിലാക്കി സർക്കാരുമായി സഹകരിക്കാൻ തയ്യാറാകണം.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി)</u> : സമരം ചെയ്യുന്നവരുമായി ചർച്ച നടത്തി പ്രശ്നത്തിന് പരിഹാരം കാണാനും സമരം തീർക്കാനും ഗവൺമെന്റ് തയ്യാറാകണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> സമരം ചെയ്യുന്ന സംഘടനകളുമായി കൂടിയാലോചിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

(8) <u>പോൾ കാസ്റ്റിംഗ് യൂണിറ്റ്</u>

<u>ശ്രീ. എം. ഉമ്മർ :</u> മലപ്പുറം ജില്ലയിൽ അനുഭവപ്പെടുന്ന വൈദ്യുതി പോസ്റ്റുകളുടെ രൂക്ഷമായ ക്ഷാമം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. -യിലെ സിവിൽ എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്തി ബോർഡിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് പോൾ കാസ്റ്റിംഗ് യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u> : മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ ഇലക്ട്രിക്കൽ സർക്കിളുകളിലേയ്ക്ക് വൈദ്യുതി പോസ്റ്റുകൾ നൽകുന്നതിന് കരാറിൽ ഏർപ്പെട്ടിരുന്ന കമ്പനികൾ യഥാസമയം നൽകാതിരുന്നതിനാൽ ജില്ലയിൽ അനുഭവപ്പെടുന്ന വൈദ്യുതി പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിന് പാലക്കാട്, കണ്ണൂർ ജില്ലകളിൽനിന്ന് പോസ്റ്റുകൾ ഡൈവെർട്ട് ചെയ്ത് മലപ്പുറം ജില്ലയിൽ ഉപയോഗപ്പെടുത്തിയെങ്കിലും സമ്പൂർണ്ണ വൈദ്യുതീകരണപ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇനിയും പോസ്റ്റ് ആവശ്യമായി വരുന്നതാണ്. വണ്ടൂരിലുള്ള രൂപ എഞ്ചിനീയറിംഗ് കോർപ്പറേഷന്റെ യാർഡിൽനിന്നും മുൻ ടെണ്ടർപ്രകാരമുള്ള പോസ്റ്റുകൾ തർക്കങ്ങൾ പരിഹരിച്ച് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ രണ്ടുവർഷത്തേയ്ക്കാവശ്യമുള്ള പോസ്റ്റുകൾ നിർമ്മിച്ച് നൽകാൻ ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ ടെണ്ടർ വിളിച്ചതനുസരിച്ചുള്ള നടപടികൾ പൂർത്തിയായിവരികയാണ്. ഈ സാഹചര്യത്തിൽ വൈദ്യുതി ബോർഡ് സ്വന്തമായി യാർഡ് നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(9) ഫാക്ടംഫോസിന്റെ ദൗർലഭ്യം

ശ്രീ. മുരളി പെരുനെല്ലി : നെൽകൃഷിയുടെ അടിസ്ഥാനവളമായ ഫാക്ടംഫോസ് വിളവിറക്കുന്ന സമയത്തുതന്നെ നെൽകൃഷികാർക്ക് ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന തരത്തിൽ കേന്ദ്ര രാസവള മന്ത്രാലയമാണ് സംസ്ഥാനത്തിനുള്ള രാസവളത്തിന്റെ ക്വാട്ട ബന്ധപ്പെട്ട കമ്പനികൾക്ക് നിശ്ചയിച്ചുകൊടുക്കുന്നത്. ജൂൺ മാസത്തിൽ ഫാക്ടംഫോസ് ഉൾപ്പെടെ 24000 ടൺ കോംപ്ലക്സ് വളങ്ങൾ തരാമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരുന്നത്. 23909 ടൺ ഫാക്ടംഫോസ് വിതരണം ചെയ്തിരുന്നു. അനുവദിക്കപ്പെട്ട മറ്റ് കോംപ്ലക്സ് വളങ്ങൾ കമ്പനികൾ നൽകാത്തതു കാരണം തോട്ടംമേഖലകളിലും മറ്റും ഫാക്ടംഫോസ് ഉപയോഗിച്ചതുമൂലം നെൽകൃഷിക്ക് വേണ്ട വളം ആ മാസത്തിൽ ലഭിക്കാതെ വന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ടതിനെത്തുടർന്ന് ജൂലൈ മാസത്തേയ്ക്ക് അനുവദിച്ചിരുന്ന 20300 ടൺ ഫാക്ടംഫോസിന് പുറമേ 5000 ടൺ കൂടി സംസ്ഥാനത്തിന് അനുവദിക്കുകയും ജൂലൈ മാസത്തിൽ ഇതുവരെ 10968 ടൺ ഫാക്ടംഫോസ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ഇഫ്ക്കോ 2653 ടൺ കോംപ്ലക്സ് വളം പാലക്കാട് കൊണ്ടുവന്ന് തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കോട്ടയത്തും കായംകുളത്തും റെയിൽവേ വാഗൺ അനുവദിക്കാത്തതിനാൽ തെക്കൻ ജില്ലകളിലേയ്ക്കുള്ള വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ജൂലൈ മാസത്തിൽ വളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(10) അംഗീകൃത ഹോസ്റ്റലുകളിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനം

ശ്രീ. എസ്. രാജേന്ദ്രൻ : അംഗീകൃത ഹോസ്റ്റലുകളിലേയ്ക്കുള്ള പ്രവേശനത്തിന് ജില്ലാ ആഫീസുകൾ മുഖാന്തിരം കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിൽ എട്ട് പ്രീ-മെട്രിക് ഹോസ്റ്റലുകളും നാല് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളത്. ഇവയിലെല്ലാം വകുപ്പുകളുടെ ജില്ലാതല ഓഫീസുകളിൽ നിന്ന് നേരിട്ടാണ് പ്രവേശനം നടത്തുന്നത്. ഈ ഹോസ്റ്റലുകൾ വകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടത്തിവരുന്നത്. തിരുവനന്തപുരം ജില്ലയിലെ ഏഴ് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് ആനുകൂല്യം നൽകി വരുന്നു. കൂടാതെ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഹോസ്റ്റലുകളിലും പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗവിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസ് നൽകി വരുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം അഡ്മിഷൻ നൽകുന്നത് അതാത് സ്ഥാപനങ്ങൾ നേരിട്ടാണ്. വിദ്യാഭ്യാസ സ്ഥാപനമേധാവി നിർദ്ദേശിക്കുന്നതനുസരിച്ചാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തിവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽസൗകര്യം ലഭ്യമല്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ സ്ഥാപനമേധാവിയുടെ നിർദ്ദേശം അനുസരിച്ച് 1500 രൂപ ഹോസ്റ്റൽ ഫീസാനുകൂല്യം നൽകി വരുന്നു.

(11) ടൂറിസ്റ്റുകൾ അക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി.ഡി. സതീശൻ: കൊല്ലം ജില്ലയിലെ ആര്യങ്കാവ് പഞ്ചായത്തിൽ ടൂറിസ്റ്റുകളായി വന്ന കുടുംബത്തിലെ പിതാവിനെ ബന്ധനസ്ഥനാക്കി ക്രൂരമായി മർദ്ദിച്ചതിനുശേഷം ഭാര്യയേയും മകളേയും അവിടത്തെ വനസംരക്ഷണ പ്രവർത്തകർ മാനഭംഗപ്പെടുത്തിയ സംഭവത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): വനംവകുപ്പിന്റെ റിപ്പോർട്ട് പ്രതികളെ സംരക്ഷിക്കുന്ന രീതിയിലുള്ളതാണെന്നാണ് അറിയുന്നത്. പോലീസ് അന്വേഷിച്ചതിനുശേഷമാണ് കുറ്റവാളികളുടെ പേരിൽ നടപടി സ്വീകരിക്കുന്ന രീതിയിൽ നീങ്ങിയത്. പിരിച്ചുവിട്ട മൂന്നുപേരെ റിക്രൂട്ട് ചെയ്ത രീതിയെ സംബന്ധിച്ച് വ്യക്തമാക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): അന്വേഷണത്തിന്റെ ഒരു ഘട്ടം പൂർത്തിയായി. അവിടെ ദിവസക്കൂലിയടിസ്ഥാനത്തിൽ പത്തുവർഷത്തോളമായി ജോലി ചെയ്യുന്ന മൂന്ന് ഗൈഡുകളിൽ ഒരാൾ ഏതാനും മാസം മുമ്പ് ഒരു സ്ത്രീയുടെ അർദ്ധനഗ്ന ചിത്രമെടുക്കുകയും അത് മൊബൈൽ ഫോൺ വഴി കൈമാറാൻ ശ്രമിച്ച സംഭവത്തിൽ കുറ്റാരോപിതരായവരെ വനംവകുപ്പ് പിരിച്ചുവിടുകയും കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പരാതിക്കാരിയായ സ്ത്രീയെ കണ്ടെത്താൻ തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ടുവരികയാണ്. കേസിന്റെ അന്വേഷണം ഇപ്പോൾ കൊല്ലം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.യെ ഏൽപ്പിച്ചിരിക്കുകയാണ്. മാസ്റ്റർ സി.ഡി. ലഭ്യമായാൽ അന്വേഷണം കുറച്ചുകൂടി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്. ഈ കേസ് സർക്കാർ ഗൗരവപൂർവ്വം കാണുകയാണ്. കുറ്റവാളികളെ രക്ഷിക്കാൻ യാതൊരു തരത്തിലുള്ള നീക്കവും ഉണ്ടാവു

കയില്ല. ഐ.പി.സി. സെക്ഷൻ 377 പ്രകാരമുള്ള കേസ്സ് രജിസ്റ്റർ ചെയ്യുന്നതിനും സന്നദ്ധമാണ്. കുറ്റവാളികൾ റിമാൻഡിലാണ്. ഇതിനേക്കാൾ ഗൗരവമുള്ള വകുപ്പുകൾ ചുമത്തി കേസ്സെടുക്കാനും സർക്കാർ ശ്രമിക്കുന്നതാണ്.

## ധനകാര്യം

### 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ
(413,99,50,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
(128,43,02,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ. കെ.സി ജോസഫ്, കെ. ശിവദാസൻ നായർ, സി.പി. മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, ജോർജ് മേഴ്സിയർ, ജി.കാർത്തികേയൻ, വി.ഡി. സതീശൻ, ബി. ബാബു പ്രസാദ്, എൻ. ശക്തൻ, കെ. ബാബു, പി.സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ഉണ്ണിയാടൻ, കെ.പി. മോഹനൻ, പി.സി ജോർജ്, കെ.കെ. ഷാജു, എ.പി. അബ്ദുള്ളക്കുട്ടി, എം.എ വാഹീദ്, ആര്യാടൻ മുഹമ്മദ്, തേറമ്പിൽ രാമകൃഷ്ണൻ, വർക്കല കഹാർ, ജോസഫ് എം. പുതുശ്ശേരി, എം.ഉമ്മർ, എം.മുരളി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. ജോർജ് മേഴ്സിയർ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ് ഗവൺമെന്റ് വിഴിഞ്ഞം തുറമുഖ പദ്ധതിയും സ്മാർട്ട് സിറ്റി പദ്ധതിയും നടപ്പിലാക്കാൻ യാതൊന്നും ചെയ്തിട്ടില്ല. സ്വകാര്യമേഖലയിലോ സർക്കാർ സംയുക്തമേഖലയിലോ വൻകിട വ്യവസായസ്ഥാപനങ്ങൾ ഒന്നു പാലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വ്യവസായ നയം ഉണ്ടായതുകൊണ്ട് മാത്രം പോര, വ്യവസായികളോടുള്ള മനോഭാവത്തിലും മാറ്റമുണ്ടാകണം. ഐ.ടി മേഖലയിൽ 250 പേർക്കുമാത്രമാണ് ഈ ഗവണ്മെന്റിന് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുള്ളത്. ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഇപ്പോൾ നഷ്ടത്തിലാണ്. കഴക്കൂട്ടത്തെ സാലിസിലേറ്റ്സ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ടെലികോം സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. ലൈഫ് സയൻസ് പാർക്കിന് ഇതുവരെ സ്ഥലമെടുപ്പ് നടപടിപോലും പൂർത്തിയായിട്ടില്ല. പൊതുമേഖലാസ്ഥാപനങ്ങളുടെ ടേണോവർ കോൺട്രിബ്യൂഷൻ പരിശോധിച്ചാൽ സ്റ്റേറ്റ് ജി.ഡി.പി യുടെ പെർസന്റേജ്

കുറഞ്ഞു വരുന്നതായും അക്യുമുലേറ്റഡ് ലോസ് വർദ്ധിച്ചുവരുന്നതായും കാണാം. വിഴിഞ്ഞം തുറമുഖത്തെ നോട്ടിഫൈഡ് പോർട്ടിൽ ഉൾപ്പെടുത്തി കയറ്റുമതി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട ഗോഡൗൺ സൗകര്യം, ആഫീസ് സൗകര്യം എന്നിവ ഏർപ്പെടുത്തുകയും വേബ്രിഡ്ജ് സ്ഥാപിക്കുകയും കസ്റ്റംസ് ഏരിയ മതിൽകെട്ടി വേർതിരിക്കുകയും ചെയ്ത് ഇറക്കുമതി-കയറ്റുമതി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സീവാർഡ് വാർഫിലെ സൗകര്യങ്ങൾ വിപുലീകരിച്ച് കപ്പലുകൾ കരയ്ക്കടുപ്പിക്കുന്നതി നുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായമേഖലയെ സംരക്ഷിക്കുക, പുനരുജ്ജീവിപ്പിക്കുക, വിപുലീകരി ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമാ യാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. യഥാസമയം ബഡ്ജറ്റിലൂടെ യുള്ള സഹായം ലഭ്യമാക്കൽ, വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കൽ, ഫലപ്രദമായ വികസനനയം രൂപീകരിക്കൽ, മേൽനോട്ട ഏജൻസികളുടെ കൃത്യമായ നിരീക്ഷണ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ പുതിയ വ്യാവസായിക അന്തരീക്ഷത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങി കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ വ്യാവസായിക മേഖലയ്ക്ക് ഒരു നവജീവൻ പകരാൻ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടാൻ തീരുമാനിച്ച ചേർത്തലയിലെ ആട്ടോകാസ്റ്റ് ലിമിറ്റഡിനെ പൊതുമേഖലയിൽ നിലനിറുത്തി പുനരുദ്ധരിക്കു ന്നതിന് നടപടി സ്വീകരിച്ചു. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളും റെയിൽവേയുമായുള്ള സംയുക്ത പദ്ധതിക്ക് കരാർ ഒപ്പിട്ട് ഒന്നര വർഷമാ

യിട്ടും കേന്ദ്ര ക്യാബിനറ്റിന്റെ അംഗീകാരം ലഭിക്കാത്തതിനെപ്പറ്റി യു.ഡി.എഫ് -ന്റെ നിലപാട് വ്യക്തമാക്കണം. കേന്ദ്രം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വകാര്യവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ വ്യവസായമേഖലയുടെ വളർച്ചയ്ക്ക് കേരളം സ്വീകരിക്കുന്ന നടപടികൾ പ്രശംസനീയമാണ്. വ്യവസായം, ടൂറിസം, ഐ.ടി., ഭക്ഷ്യോൽപ്പാദനം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്താൻ വ്യവസായികൾ സന്നദ്ധരാകുന്നത് കേരളം നിക്ഷേപസൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നതിന് തെളിവാണ്. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്, കോസ്റ്റൽ ഷിപ്പിംഗ്, മാരിടൈം അക്കാഡമി തുടങ്ങി തുറമുഖ വികസനത്തിന് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഉദുമയിൽ ഒരു സ്പിന്നിംഗ് മിൽ, മഞ്ചേശ്വരത്ത് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട സ്ഥാപനം ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ നിരവധി വ്യവസായസ്ഥാപന ങ്ങൾ ആരംഭിച്ചു. വ്യോമയാനവുമായി ബന്ധപ്പെട്ട് ഒരു ഫാക്ടറി ഉടൻ ഉദ്ഘാടനം ചെയ്യുന്നതാണ്. കൈവശകൃഷിക്കാർക്ക് ഭൂമിക്ക് പട്ടയം നൽകി തടസ്സങ്ങളൊഴിവാക്കി ചീമേനിയിൽ ഒരു മെഗാ വൈദ്യുതി പ്ലാന്റ് സ്ഥാപി ക്കാൻ തീരുമാനിച്ചത് ശ്ലാഘനീയമാണ്. മലബാർ മേഖലയിലെ ബീഡിത്തൊഴിലാളികൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. ബീഡി വ്യവസായം പരമ്പരാഗത വ്യവസായത്തിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. ദിനേശ് ബീഡി തൊഴിലാളികൾക്ക് പെൻഷൻ അനുവദി ച്ചത് ആശ്വാസകരമായ നടപടിയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൻകിട കുത്തകകൾക്കും റിയൽ എസ്റ്റേറ്റുകാർക്കും ഒത്താശ

ചെയ്തുകൊടുക്കുന്ന വ്യവസായനയമാണ് എൽ.ഡി.എഫ്. സർക്കാരിന്റേത്. യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച പല വ്യവസായപദ്ധതികളും നില നിറുത്താൻ എൽ.ഡി.എഫ്. സർക്കാർ നടപടിയെടുത്തിട്ടില്ല. ടെക്സ്റ്റൈൽ മേഖലയിൽ പുരോഗതി കൈവരിക്കാൻ ശ്രമിക്കാതെ ലാഭത്തിലോടുന്ന കമ്പനികളുടെ വിഹിതമുപയോഗിച്ച് ടെക്സ്റ്റൈൽ മില്ലുകൾ തുടങ്ങാനുള്ള നീക്കം ലജ്ജാകരമാണ്. യു.ഡി.എഫ്. ഭരണകാലത്ത് ലാഭത്തിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളൊഴികെ ഒരു സ്ഥാപനം പോലും ലാഭത്തിലാക്കാൻ സാധിക്കാത്ത, വ്യാവസായിക വികസനത്തിന് ദീർഘവീക്ഷണത്തോടു കൂടിയ സമീപനം സ്വീകരിക്കാത്ത സർക്കാരാണിത്. തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാനുതകുന്ന വിധത്തിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ യാതൊരു നടപടിയുമെടുക്കുന്നില്ല. അയൽ സംസ്ഥാനങ്ങൾ ഐ.ടി.മേഖലയിൽ കുതിച്ചുയരുമ്പോൾ കേരളം ഈ മേഖല യിൽ വളരെ പുറകിലാണ്. വൈപ്പിൻ മുളവുകാട് ദ്വീപിൽ ഇസ്രായേൽ ആയുധ നിർമ്മാണ കമ്പനിക്ക് അനുമതി നൽകിയത് അപലപനീയമാണ്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട സ്മാർട്ട് സിറ്റി ഉൾപ്പെടെ പല പദ്ധതികളും പ്രഖ്യാപനത്തിൽ മാത്രമായൊതുങ്ങി നിൽക്കുന്നു. ഹാൻവീവ് ഉൾപ്പെടെ നഷ്ടത്തിലായിരിക്കുന്നു. കൈത്തറി മേഖലയാകെ തകർന്നുകൊണ്ടിരിക്കു ന്നു. ജീവനക്കാർക്കുള്ള ആനുകൂല്യംപോലും നൽകാനാകാത്തവിധം ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. ലാഭത്തി ലെന്ന് പ്രഖ്യാപിക്കപ്പെട്ട പല പൊതുമേഖലാ സ്ഥാപനങ്ങളും യഥാർത്ഥ ത്തിൽ നഷ്ടത്തിലാണ്. പുതിയ വ്യവസായ സംരംഭങ്ങൾക്കുദ്ദേശിച്ച സ്ഥലത്ത് മണൽഖനനം നടത്തുന്നതിന് അനുവാദം നൽകിയിരിക്കുകയാണ്.

യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച പദ്ധതികളല്ലാതെ വ്യവസായരംഗത്ത് പ്രത്യേകിച്ച് ഒരു മാറ്റവും ഉണ്ടായിട്ടില്ല.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രണ്ട് ഘട്ടങ്ങളിലായി വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കുന്നതിനു മുന്നോടിയായി 450 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ദേശീയ ശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ വ്യവസായ രംഗത്ത് പുരോഗതി കൈവരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്ന കേന്ദ്ര സമീപനത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായി പൊതുമേഖലാസ്ഥാപനങ്ങളെ രക്ഷിക്കുന്ന ഒരു ബദൽ നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വിപുലീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു. തൊഴിലാളികളേയും ട്രേഡ് യൂണിയനുകളേയും വിശ്വാസത്തിലെടുത്തുകൊണ്ടും മാനേജ്മെന്റ് തലപ്പത്ത് പ്രൊഫഷണലുകളെ നിയമിച്ചുകൊണ്ടും ഓരോ മാസവും കമ്പനികളുടെ ഉന്നതതലയോഗം വിളിച്ചുചേർത്തുകൊണ്ടും നടത്തിയ നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായി ഒരു വർഷംകൊണ്ട് 12 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ സാധിച്ചു. ഒരു വർഷംകൂടി കഴിയുമ്പോൾ വ്യവസായവകുപ്പിന്റെ കീഴിലുള്ള 42 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കമ്പനികളുടെ പ്രവർത്തന നഷ്ടം 69.49 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോൾ 169 കോടി രൂപ ലാഭത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കു

ന്നത്. കേരളത്തിലെ വ്യാവസായിക നവീകരണത്തിന് കെ.എഫ്.സി. വഴി എട്ടര ശതമാനം പലിശയ്ക്ക് ലോൺ നൽകി. കേന്ദ്ര പൊതുമേഖലാസ്ഥാപന ങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപന ങ്ങളെ പുനരുദ്ധീകരിക്കാൻ വ്യവസായവകുപ്പ് സ്വീകരിച്ച നടപടി ശ്ലാഘനീയ മാണ്. എൻ. ടി. പി. സി.-യുടെ സഹായത്തോടെ ടെൽക്-നെ ലാഭകരമാക്കി. കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്-സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹാ യത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ചേർത്തല ആട്ടോകാസ്റ്റ് റെയിൽവേയുമായി സഹകരിച്ച് റെയിൽവേ ബോഗി യൂണിറ്റ് പുനരുദ്ധരിച്ചു. പാലക്കാട് കിൻഫ്ര പാർക്ക് എച്ച്.എ.എൽ.-മായി സഹകരിച്ച് പദ്ധതികളാരംഭി ക്കാനാവശ്യമായ നടപടി സ്വീകരിച്ചു. ബി. എച്ച്. ഇ. എൽ.-ഉമായി സംയുക്ത സംരംഭം ആരംഭിക്കുന്നത് ഇലക്ട്രോണിക് വ്യവസായരംഗത്ത് വമ്പിച്ച മാറ്റമു ണ്ടാക്കും. 1000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി കെൽട്രോണിനെ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കി. വ്യാവസായികനിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വ്യവസായ സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കാനും കൊച്ചിയിൽ നടന്ന നിക്ഷേപ സംഗമത്തിൽ 581 നിക്ഷേപകർ വരികയും 14000 തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്ന 1561 കോടി രൂപയുടെ പ്രോജക്ടുകൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും 500 കോടി രൂപയ്ക്ക് എം.ഒ.യു. ഒപ്പുവയ്ക്കുകയും ചെയ്തു. കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും നടത്തിയ നിക്ഷേപ സംഗമങ്ങളിൽ 70-ൽപ്പരം ധാരണാപത്രങ്ങളിൽ ഒപ്പിടുകയും ആയിരക്ക ണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പുതിയ വ്യവസായ സ്ഥാപ

നങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ വർഷം 275 കോടി രൂപയാണ് കേരളത്തിലെ പൊതുമേഖലാസ്ഥാപന ങ്ങളുടെ നവീകരണത്തിനായി സംസ്ഥാന സർക്കാർ മുടക്കുന്നത്. ഇന്ത്യയിൽ പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കുവാൻ ശ്രമങ്ങൾ നടക്കു മ്പോൾ കേരളത്തിൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ പോകു കയാണ്. തിരുവനന്തപുരം ജില്ലയിലും ഒരു പൊതുമേഖലാ സ്ഥാപനം തുട ങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. എ. അസീസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തികനയത്തിന്റെ ഫലമായി വ്യാവസായിക മേഖലയിൽ കാലോചിതമായ മാറ്റമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് നിയന്ത്രണമുള്ളതും തൊഴിലാളികൾക്ക് പങ്കുള്ളതുമായ പൊതുമേഖലാസ്ഥാപനം ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന് അനിവാര്യമാ ണെന്ന് കണ്ടുകൊണ്ടാണ് 1985-ൽ പൊതുമേഖലാ വ്യവസായത്തിന് ആരംഭം കുറിച്ചത്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യ വൽക്കരിക്കുകയും നഷ്ടത്തിലാകുമെന്ന് കാണുന്ന സ്ഥാപനങ്ങളുടെ സ്വത്തുക്കൾ വിറ്റഴിക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. കേരള ചരിത്രത്തി ലാദ്യമായിട്ടാണ് പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പ്രവർത്തന ങ്ങൾ പരിശോധിക്കുന്നതിനും പഠനം നടത്തുന്നതിനും സ്വകാര്യവൽക്കരിക്കു ന്നത് കണ്ടുപിടിക്കുന്നതിനുംവേണ്ടി കമ്മീഷനെ നിയമിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ചൗധരി

കമ്മീഷനെ നിയമിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടാൻ തീരുമാനിച്ച യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് ലാഭകരമാക്കി. സംസ്ഥാന ഇലക്ടിസിറ്റി ബോർഡിനാവശ്യമായ മുഴുവൻ മീറ്ററും ഈ സ്ഥാപനത്തിൽ നിന്നും വാങ്ങാൻ തീരുമാനമെടുത്തത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും മാതൃകാപരമായി ഇപ്പോൾ പ്രവർത്തിക്കുകയാണ്. ഈ ഗവണ്മെന്റ് പരമ്പരാഗത വ്യവസായ മേഖലയെ പുനരുദ്ധരിച്ചു. കൊല്ലം തുറമുഖം പ്രവർത്തനസജ്ജമാക്കി. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു സിമെന്റ് ടെർമിനൽ കൊല്ലം തുറമുഖത്ത് സ്ഥാപിക്കുവാനുള്ള പരിപാടി പരിഗണനയി ലാണ്. കൂടാതെ ഈ തുറമുഖത്തിന് കയറ്റിറക്കുമതിക്കാവശ്യമായ യന്ത്രസാ മഗ്രികൾ വാങ്ങുന്നതിന് പത്തുകോടി രൂപ അനുവദിക്കുകയും മറ്റ് അടി സ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് 3.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി.

ശ്രീ. സി.എം. ദിനേശ് മണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള സോപ്സ് ആന്റ് ഓയിൽസും ടെൽക്കും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായങ്ങൾ അടച്ചുപൂട്ടുക, സ്വകാര്യവൽക്കരിക്കുക എന്ന നയമാണ് സ്വീകരിച്ചിരുന്നതെങ്കിൽ ഇപ്പോൾ അവ സംരക്ഷിക്കുക, പുനരുദ്ധരിക്കുക, വിപുലീകരിക്കുക എന്ന നയമാണ് സ്വീകരിച്ചുവരുന്നത്. നഷ്ടത്തിലായിരുന്ന കമ്പനികളുടെ എണ്ണം 30-ൽ നിന്നും 12 ആയി ചുരുങ്ങുകയും ലാഭമുണ്ടാക്കിയ കമ്പനികളുടെ എണ്ണം 12 -ൽ നിന്നും 28 ആയി വർദ്ധിക്കുകയും ചെയ്തു. 42 കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്

പൊതുമേഖലാ സ്ഥാപനങ്ങളിലെ 3193 തൊഴിലാളികളെയാണ് പിരിച്ചുവിട്ടതെങ്കിൽ ഈ ഗവൺമെന്റ് 5000-ൽപ്പരം തൊഴിലാളികളെ പുതുതായി നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. കമ്പനി ആസ്തികളും വിലപിടിച്ച ഭൂസ്വത്തും സ്വകാര്യമേഖലയ്ക്ക് കൈമാറുകയും കമ്പനികൾ അടച്ചുപൂട്ടുകയുമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്തിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അടച്ചുപൂട്ടിയതും വിൽക്കാൻവേണ്ടി തീരുമാനിച്ചതുമായ കമ്പനികൾ തുറന്നുപ്രവർത്തിപ്പിക്കാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. നഷ്ടത്തിലായ സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിപ്പിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യാതൊരു ശ്രമവും നടന്നിട്ടില്ല. സംസ്ഥാനത്ത് ഇപ്പോൾ പുതിയ 8 പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയും വിൽക്കുകയും ചെയ്യുന്ന നടപടിയിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറണം. കൊച്ചി തുറമുഖത്തിന്റെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. വർക്കല കഹാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റിയൽ എസ്റ്റേറ്റുകാർക്കും ഭൂമാഫിയകൾക്കും നേട്ടമുണ്ടാക്കിക്കൊടുക്കാൻ മാത്രമേ എൽ.ഡി.എഫ്. ഭരണംകൊണ്ട് കഴിഞ്ഞിട്ടുള്ളൂ. നിയമസഭ പാസ്സാക്കിക്കൊടുത്ത പണം മുഴുവനും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മുതൽമുടക്കും തൊഴിൽ ലഭ്യതയും കുറവാണ്. പ്രവർത്തനലാഭം കാണിക്കുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും അക്യുമുലേറ്റഡ് ലോസ്സി

ലാണ് എന്നാണ് ഇക്കണോമിക് റിവ്യു ചൂണ്ടിക്കാണിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കൈത്തറി, ഖാദി മേഖലയ്ക്ക് കൂടുതൽ തുക അനുവദിക്കണം. കേരള സംസ്ഥാന പന ഉല്പന്ന വ്യവസായകോർപ്പ റേഷനിലെ തൊഴിലാളികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ നടപടി സ്വീക രിക്കണം. പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ എന്നിവയ്ക്കും ആവശ്യത്തിന് തുക വകയിരുത്തണം. സ്വകാര്യനിക്ഷേപം ആകർഷിക്കാൻ നടപടി സ്വീകരിക്കണം. പുതിയ വ്യവസായ സംരംഭങ്ങൾ പ്രാവർത്തികമാ ക്കണം. തൊഴിൽ വളർച്ചാനിരക്ക് തൊഴിലാളികളുടെ വളർച്ചാനിരക്കിനേ ക്കാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാലുവർഷത്തെ എൽ.ഡി. എഫ്. ഭരണം സംസ്ഥാനത്തെ എല്ലാ രംഗത്തേയും തകർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായരംഗത്ത് കാതലായ മാറ്റമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴയിലെ കെ.എസ്.ഡി.പി. പുനരുദ്ധരിക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ഉറപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ആട്ടോകാസ്റ്റിന്റെ പുനരുദ്ധാരണത്തിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെ തുരങ്കം വയ്ക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ നടത്തി. 32 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. കോഴിക്കോട് കോട്ടൺ മിൽ, ബാലരാമപുരം സ്പിന്നിംഗ് മിൽ, കേരള സോപ്സ് ആന്റ്

ഓയിൽസ് ലിമിറ്റഡ് തുടങ്ങിയ കമ്പനികളുടെ പുനരുദ്ധാരണം സാധ്യമാക്കി. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഉയർന്ന പ്രൊഫഷണലുകളെ നിയമിക്കാൻ നടപടി സ്വീകരിച്ചു. സ്ഥാപനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി അവാർഡുകൾ ഏർപ്പെടുത്തി. അഴിമതി തടയുന്നതിന് നടപടികൾ സ്വീകരിച്ചതുമൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിച്ചു. തൊഴിലാളികളുടെ നിയമനം തടഞ്ഞുവയ്ക്കാതെ തൊഴിലാളിപക്ഷത്തുനിന്നുകൊണ്ട് പൊതുമേഖലയെ സംരക്ഷിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ചുകൊണ്ടുള്ള വ്യവസായനയം ആവിഷ്ക്കരിച്ചു. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഖാദിമേഖലയെ സംരക്ഷിക്കാൻ 10 ശതമാനം റിബേറ്റ് കൊടുക്കാനും തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താനും പിൻവാതിൽ നിയമനം തടയാനും കഴിഞ്ഞു. കൈത്തറിമേഖലയിലെ റിബേറ്റ് കുടിശ്ശിക കൊടുത്തു തീർത്തു. കൈത്തറിമേഖയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.ടി. ജലീൽ</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേരളത്തിന്റെ വ്യാവസായികമേഖലയിൽ അനുഭവപ്പെട്ടിരുന്ന ഭൂമിയുടെ ദൗർലഭ്യം, വൈദ്യുതിയുടെ അഭാവം, റോഡ് അടക്കമുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയ്ക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയില്ലെന്ന്

പ്രഖ്യാപിക്കപ്പെട്ട 25 വ്യവസായസ്ഥാപനങ്ങൾ ഇന്ന് പ്രവർത്തിക്കുകയാണ്. കുറ്റിപ്പുറത്തെ കെ.എസ്.ഡി.സി.യും താനൂരിലെ കെൽ-ഉം പുനരുജ്ജീവിപ്പിച്ചു. കോഴിക്കോട്ടുള്ള കോട്ടൺ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും കേരള സോപ്സ് പുനരുദ്ധരിക്കാനും സാധിച്ചു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ജോയിന്റ് വെഞ്ചറിന്റെ ഭാഗമായി നാല് കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. കഴിഞ്ഞ നാലുവർഷം വ്യാവസായികമേഖലയിൽ 239.75 കോടി രൂപയുടെ ലാഭമുണ്ടാക്കാനും 6000 തൊഴിലാളികളെ പുതുതായി നിയമിക്കാനും കഴിഞ്ഞു. മലബാറിൽ രണ്ട് പുതിയ ഐ.റ്റി. പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. മലപ്പുറം ജില്ലയിലെ കല്ലായി പ്രദേശത്തെ മരാധിഷ്ഠിത വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിനും നിലവിലുള്ള മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ് പുതുക്കി നൽകുന്നതിനും പുതിയ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. വ്യാവസായികരംഗത്ത് വളരെ പിന്നിലായിരുന്ന കൊച്ചിയെ 16-ാം സ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. തൊഴിൽസമരങ്ങൾ ഇല്ലാതാക്കാൻ സാധിച്ചു. സംസ്ഥാനം വ്യാവസായികമേഖലയിൽ മുന്നോട്ടു പോകുന്നതിനായി കക്ഷിരാഷ്ട്രീയഭേദമന്യേയുള്ള ഐക്യവും സഹകരണവും ഉണ്ടാകണം.

<u>ശ്രീ. വി..എൻ. വാസവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നിന്ന് വിപരീതമായി പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനും നഷ്ടത്തിലായിരുന്നവയെ ലാഭത്തിലാ

ക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. പരമ്പരാഗതവ്യവസായ മേഖലയുൾപ്പെടെയുള്ള കേരളത്തിലെ എല്ലാ വ്യാവസായിക മേഖലകളെയും പുരോഗതിയിലെത്തിക്കാൻ കഴിഞ്ഞു. കേന്ദ്ര പൊതുമേഖല നിക്ഷേപം കേരളത്തിൽ കുറഞ്ഞുവരികയാണ്. പുതിയ വ്യവസായങ്ങൾ ആരംഭിച്ചുവെന്നു മാത്രമല്ല സംയുക്തസംരംഭങ്ങൾ നടത്തി വ്യവസായ മേഖലയെ സംരക്ഷിക്കാൻ നടപടികളും സ്വീകരിച്ചു. രാഷ്ട്രീയ ഇച്ഛാ ശക്തിയോടും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും തൊഴിലാളികൾക്ക് പ്രോൽസാഹന വേതനങ്ങൾ നൽകിയും പശ്ചാത്തല സൗകര്യമൊരുക്കിയും മാസംതോറും അവലോകനങ്ങൾ നടത്തിയുമൊക്കെയാണ് വ്യവസായ രംഗത്തെ മെച്ചപ്പെടുത്തിയത്. ഖാദി വ്യവസായരംഗത്ത് പെൻഷനും റിബേറ്റും പൂർണ്ണമായി കൊടുത്തുതീർക്കാനും മൂവായിരത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. സഹകരണസംഘങ്ങളെ പുനസ്ഥാപിച്ചുകൊണ്ട് ഒരു വീട്ടിൽ ഒരു കയറുല്പന്നം എന്ന ആശയം കഴിഞ്ഞവർഷം നടപ്പിലാക്കി. കശുവണ്ടി വ്യവസായരംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ആഴ്ചയിൽ ഒരു ദിവസം ഗവൺമെന്റ് ഉദ്യോഗസ്ഥരും സ്കൂൾ കുട്ടികളും കൈത്തറിവസ്ത്രം ധരിക്കണമെന്നുള്ള നയം സ്വീകരിച്ചതുവഴി കൈത്തറിരംഗത്ത് വമ്പിച്ച നേട്ടമുണ്ടാക്കാൻ സാധിച്ചു. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് തുറന്നുപ്രവർത്തിപ്പിക്കാനും കോട്ടയം മിനി പോർട്ടിൽ ചരക്ക് ഗതാഗതം ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ പരമ്പരാഗത വ്യവസായമേഖലയെ പരിപോഷിപ്പിക്കണം. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആധുനികവൽക്കരണം നടത്തണം. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ പിന്നിലാണ്. സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമില്ലായ്മയും കെടുകാര്യസ്ഥതയും മൂലമാണ് ഒരുലക്ഷം പേർക്ക് തൊഴിൽ ലഭിക്കാവുന്ന സ്മാർട്ട് സിറ്റി പദ്ധതി നഷ്ടപ്പെടാനിടയായത്. കേരളത്തിലെ വ്യവസായശാലകളിൽ ഭൂരിഭാഗവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകൾ സംബന്ധിച്ച് ഈ വർഷത്തെ ഇക്കണോമിക് റിവ്യൂവിലും നിയമസഭയിൽ നൽകിയ മറുപടിയിലും വന്നിട്ടുള്ള പൊരുത്തക്കേടുകൾ പരിശോധിക്കണം. വകുപ്പുതല ഏകോപനമില്ലായ്മകൊണ്ട് ഉണ്ടായിട്ടുള്ള ഭരണ പ്രതിസന്ധിക്ക് പരിഹാരം കാണണം. വ്യാവസായിക വികസനം ത്വരിതഗതിയിലാക്കുന്നതിന് സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. നെൽവയൽ-നീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഇരിഞ്ഞാലക്കുടയിൽ വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനും തകർച്ചയിലായ ഓട്/ഇഷ്ടിക വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിലേയ്ക്ക് വ്യവസായികളെ ആകർഷിക്കുന്നതിന് പറ്റിയ അന്തരീക്ഷം ഒരുക്കിക്കൊടുക്കണം. വ്യാവസായിക വികസന കാര്യങ്ങളിൽ ഉൾപ്പെടെ കേരളത്തിന്റെ സുഗമമായ മുന്നോട്ടുപോക്കിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാപേരും ഒരുമിച്ചുനിൽക്കേണ്ടത് അനിവാര്യമാണ്.

ശ്രീ. പി. തിലോത്തമൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ ഉജ്ജ്വലമായ വിജയം കൈവരിക്കാൻ കഴിഞ്ഞ നാലുവർഷംകൊണ്ട് ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടാൻ തീരുമാനിച്ച പല വ്യവസായ സ്ഥാപനങ്ങളും ശക്തമായ ഇടപെടലിലൂടെ സംരക്ഷിക്കാൻ സാധിച്ചു. ക്ഷേമനിധി ആനുകൂല്യമോ പെൻഷനോ നാമമാത്രമായിപ്പോലും വർദ്ധിപ്പിക്കാതെ കയർ, കശുവണ്ടി, കൈത്തറി, കള്ളുചെത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളികളെ ദ്രോഹിക്കുന്ന നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതെങ്കിൽ ഈ മേഖലകളെ പുന:സംഘടിപ്പിച്ചുകൊണ്ട് തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ധാരാളം നടപടികൾ സ്വീകരിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. കൈത്തറി മേഖലയ്ക്ക് ബഡ്ജറ്റിൽ 50 കോടി രൂപ നീക്കിവച്ചു. കേന്ദ്ര ഗവൺമെന്റ് കൈത്തറിക്കുള്ള റിബേറ്റ് നിറുത്തലാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റ് പൂർവ്വകാല പ്രാബല്യത്തോടെ നൽകിക്കൊണ്ട് തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയാണ് ചെയ്തത്. കയർമേഖലയിലെ തൊഴിലാളികളുടെ പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിച്ചു. ബഡ്ജറ്റിൽ നൂറുകോടി രൂപ കയർ വ്യവസായത്തിന് നീക്കിവച്ചുകൊണ്ട് കയർ വ്യവസായത്തിന്റെ ഉന്നമനത്തിന് ആനന്ദൻ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ സഹകരണസംഘങ്ങളിൽ വർഷങ്ങൾക്ക് മുമ്പ് അടച്ച ത്രിഫ്റ്റ് തുക മടക്കിനൽകാനും സൊസൈറ്റിയിൽ നിന്ന് പിരിഞ്ഞുപോകുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം കൊടുക്കാനും നടപടി സ്വീകരിച്ചു. കയർ വ്യവസായത്തിനാവശ്യമായ

അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്തുതന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശേഷിയുള്ള വകുപ്പായി കയർ വകുപ്പിനെ പുന:സംഘടിപ്പി ക്കണം. കയർ വ്യവസായത്തിന് ഒരു അപെക്സ് ബോഡി ഉണ്ടാക്കണം. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നട പടികൾ സ്വീകരിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനം പ്രശംസനീയമാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്തെ സ്വകാര്യവൽക്കരണത്തിൽ നിന്നും അടച്ചു പൂട്ടൽ ഭീഷണിയിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനത്തി നുള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. സ്വകാര്യ മൂലധനനിക്ഷേപം കടന്നുവന്നതോടെ വ്യവസായമേഖ ലയിൽ വൻ മുന്നേറ്റമുണ്ടായി. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപന ങ്ങളെ ലാഭത്തിലാക്കാൻ നടപടി സ്വീകരിച്ചു. കൈത്തറി മേഖലയിലെ റിബേറ്റ് കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു. ഈ ഇനത്തിൽ നൽകാൻ ഈ സാമ്പത്തിക വർഷം 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൊഴിലാളികളുടെ വരുമാനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു. കൈത്തറി തുണിത്തരങ്ങൾ വിറ്റഴിക്കാൻ സംസ്ഥാനത്തുതന്നെ അനുയോജ്യ മായ മാർക്കറ്റിംഗ് സംവിധാനം കണ്ടെത്തി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖാദി മേഖലയിലെ തൊഴിലാളികളുടെ കൂലി രണ്ടുപ്രാവശ്യം വർദ്ധിപ്പിക്കുകയും വിൽപ്പന വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കു കയും ചെയ്തു. കൈത്തറിയുടെയും ഖാദിയുടെയും റിബേറ്റ് കേന്ദ്രം

നിറുത്തലാക്കിയ സാഹചര്യത്തിലും ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സ്തുത്യർഹമാണ്. ഖാദിയുടെ വിൽപ്പന ഈ വർഷം 10.8 കോടിയായി വർദ്ധിച്ചു. കയർമേഖലയിലെ തൊഴിലാളികളുടെ ത്രിഫ്റ്റ് തുക തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിച്ചു. കയർ സഹകരണസംഘങ്ങളിലെ തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റിക്കായി ബഡ്ജറ്റിൽ രണ്ടുകോടി രൂപ വകയിരുത്തി. കയർ വ്യവസായ നവീകരണത്തിനായി എൻ.സി.ആർ.എം. എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചു. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നവരുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചു. 34 കോടി രൂപയുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തുതീർത്തു. കാപ്പെക്സിൽ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിച്ചു. പുതുതായി 15865 പേർക്ക് തൊഴിൽ നൽകിക്കൊണ്ട് ഐ.റ്റി. മേഖലയിൽ മാറ്റങ്ങൾ വരുത്തി.

ശ്രീ. കെ. ബാബു : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ സ്വകാര്യ നിക്ഷേപമുണ്ടായ സന്ദർഭത്തിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മകാരണം കേരളത്തിലെ വ്യാവസായികാന്തരീക്ഷം തകരുന്ന സാഹചര്യമാണുണ്ടായത്. തർക്കങ്ങളും കേസ്സുകളുംമൂലം മൂന്നുലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമായിരുന്ന വൻകിട പദ്ധതികൾ സംസ്ഥാനത്തിന് നഷ്ടമായി. വ്യവസായ അന്തരീഷം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റിന് വ്യവസായങ്ങൾക്കും നിക്ഷേപങ്ങൾക്കും അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. നിക്ഷേപത്തിന്റെ ഗ്രോത്ത്റേറ്റ് കുറഞ്ഞുവരികയാണ്. കേരളത്തിലെ വ്യവസായ പുരോഗതി താഴോട്ടാണെന്നാണ് ആധികാരിക രേഖകൾ സൂചിപ്പിക്കുന്നത്.

ലാഭകരമാണെന്ന് പറഞ്ഞിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ആഡിറ്റ് കഴിഞ്ഞപ്പോൾ നഷ്ടത്തിലാണെന്ന് കാണാൻ കഴിയും. കിൻഫ്രയ്ക്കു വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ, കിനാലൂരിൽ വ്യവസായ നഗരപദ്ധതി, ശോഭാ ഹൈടെക് സിറ്റി, മാവൂർ ഗ്വാളിയർ റയോൺസിന്റെ പുനരുദ്ധാരണം ഇവയെക്കുറിച്ച് പ്രഖ്യാപനം നടത്തിയതല്ലാതെ ഒന്നും പ്രാവർത്തികമായി ട്ടില്ല. സ്വകാര്യ കമ്പനിയായ ശോഭ ഹൈടെക് സിറ്റിക്കുവേണ്ടി എം.ഒ.യു. ഒപ്പിട്ടതെന്തിനാണെന്ന് സർക്കാർ വ്യക്തമാക്കണം. ശോഭാ ഹൈടെക് സിറ്റി സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ ഏകജാലക സംവിധാനത്തിലൂടെ ക്ലിയർ ചെയ്യാൻ ശ്രമം നടത്തിയത് നിയമങ്ങളെ മറികടക്കുന്നതിനുവേണ്ടിയാണെന്ന് വ്യക്തമാണ്. കൊക്കക്കോള കമ്പനിക്കെതിരെയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കണം. ഐ.ടി. എക്സ്പോർട്ട് രംഗത്ത് കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ്. തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽവേ, കായംകുളം-എറണാകുളം റെയിൽ ഇരട്ടിപ്പിക്കൽ, ശബരിമലയുടെ വികസനത്തിനാവശ്യമായ ഭൂമി അക്വയർ ചെയ്യൽ എന്നിവയുടെ പ്രവൃത്തികൾ ആരംഭിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. 2166.44 കോടി രൂപയുടെ നിക്ഷേപം കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ സംസ്ഥാനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കേരളത്തിലെ വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷവും നിക്ഷേപകർക്ക് ആത്മവിശ്വാസവും ഉണ്ടാക്കാൻ കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ കഴിഞ്ഞ നാലുവർഷത്തെ പ്രധാനപ്പെട്ട നേട്ടം. കേരളത്തിലെ ഗതാഗത മേഖ

ലയിൽ വിപ്ലവകരമായ മാറ്റം ലക്ഷ്യംവച്ചുകൊണ്ടുള്ള അതിവേഗ റെയിൽപാത എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്. കിനാലൂർ വ്യവസായ നഗര പദ്ധതിക്കായി 100 മീറ്റർ റോഡ് വെണമെന്ന വിമർശനം വസ്തുതാപരമല്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേരളത്തിലെ വ്യവസായ വികസനത്തിന്റെ വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. കേരളത്തിലെ ചെറുകിട വ്യവസായ മേഖലയിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ 2232 കോടി രൂപ മുതൽമുടക്കി 25908 യൂണിറ്റുകൾ സ്ഥാപിക്കാനും 164335 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു. വൻകിട-മീഡിയം വ്യവസായങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിലും തൊഴിലവസരങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 812 കോടി രൂപ മുതൽമുടക്കി 39 വൻകിട പദ്ധതികളാണ് ഈ കാലയളവിൽ നടപ്പിലാക്കിയത്. മന്ത്രിസഭ അംഗീകാരം കൊടുത്ത തിരുവനന്തപുരം കഴക്കൂട്ടത്ത് ലൈഫ് സയൻസ് പാർക്കിന് 35 കോടി രൂപ അനുവദിക്കാനും ബാങ്ക് വായ്പയെടുത്ത് ഭൂമി അക്വയർ ചെയ്യാനുമാണുദ്ദേശിക്കുന്നത് കാസർഗോഡ് താപവൈദ്യുതനിലയം ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ച് പ്രൊമോട്ട് ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിലെ ഇലക്ട്രോണിക്സ് ഹാർഡ്വെയർ പാർക്കിനുവേണ്ട സ്ഥലം ഫാസ്റ്റ് ട്രാക്കിലെടുക്കാൻ ക്യാബിനറ്റ് അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തോടനുബന്ധിച്ച് കൂത്തുപറമ്പിൽ 300 ഏക്കർ സ്ഥലംകൂടി ഏറ്റെടുക്കാൻ കെ.എസ്.ഐ.ഡി.സി.-ക്ക് അനുമതി നൽകിയിട്ടുണ്ട്. കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിന് ഫാസ്റ്റ് ട്രാക്കിൽ 130 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ അനുമതി കൊടുത്തിട്ടുണ്ട്. ട്രെയ്ഡ് കൺവെൻഷൻ

സെന്ററുകൾക്കുവേണ്ടി ജോയിന്റ് വെഞ്ചർ നിർമ്മാണ പ്രവർത്തനത്തിന് എം. ഒ.യു. ഒപ്പുവച്ച് പ്രവർത്തന വേഗത കൂട്ടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ പൂട്ടിക്കിടന്നിരുന്ന പിയേഴ്സ് ലെസ്ലി കമ്പനിയുടെ സ്ഥലം ഏറ്റെടുത്ത് ചെറുവണ്ണൂരിൽ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ സാധ്യതാപഠനവും കൊച്ചി-കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കിൻഫ്ര 2006 വരെ 15 വ്യവസായ പാർക്കുകളാണ് വികസിപ്പിച്ചിട്ടുള്ളത്. ഇതിൽ ചില പാർക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എല്ലാ ഡയറക്ടർ ബോർഡിലും ഒരു തൊഴിലാളി പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽനിന്ന് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വരുന്ന കുട്ടികൾക്ക് ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് നൽകുന്നതിന് ഇൻഡസ്ട്രീസ് മിനിസ്റ്റേഴ്സ് സ്കോളർഷിപ്പ് ഫണ്ട് സ്വരൂപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കെ.എം.എം.എൽ.-ന്റെ നവീകരണത്തിന് 100 കോടി രൂപ മുതൽമുടക്കുന്നതാണ്. കെ.എസ്.ഡി.പി.യുടെ നവീകരണത്തിനായി 34 കോടി രൂപയാണ് നിക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. കേരള സോപ്സ് ആന്റ് ഓയിൽസിന്റെ എക്സ്പാൻഷനുവേണ്ടി 5 കോടി രൂപയും തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ രണ്ടാംഘട്ട വികസനത്തിനായി 5 കോടി രൂപയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ നവീകരണത്തിനായി 25 കോടി രൂപയും

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ നവീകരണത്തിനായി 51 കോടി രൂപയും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് 15 കോടി രൂപയും കെൽ നവീകരണത്തിന് 30 കോടി രൂപയും ആലപ്പുഴ സ്പിന്നിംഗ് മിൽ നവീകരണത്തിന് 7 കോടി രൂപയും സിൽക്ക്, ഒറ്റപ്പാലം യൂണിറ്റിന്റെ നവീകരണത്തിന് 3 കോടി രൂപയും ഈ വർഷം മുതൽമുടക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ടി.സി.സി. ഐ.എസ്.ആർ.ഒ.യുമായി ചേർന്ന് സോഡിയം ക്ലോറൈഡ് നിർമ്മാണ പദ്ധതിക്കായി 22 കോടി രൂപ മുതൽമുടക്കുന്നുണ്ട്. ട്രാവൻകൂർ സിമന്റ്സിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് ലൈംസ്റ്റോൺ ഇറക്കുമതി ചെയ്ത് വൈറ്റ് സിമന്റിന്റെ ഉല്പാദനം നടത്താനുള്ള പദ്ധതിയും ആരംഭിക്കാൻ ആലോചിക്കുന്നുണ്ട്. ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി ചവറയിൽ ഐ.എസ്.ആർ.ഒ.യുടെ പൂർണ്ണ സാമ്പത്തികസഹായത്തോടെ 2010 ഡിസംബറിൽ കമ്മിഷൻ ചെയ്യും. മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചവറയിൽ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ട്. ഇൻകെൽ-ന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വ്യവസായ പാർക്കിന് 585 കോടി രൂപയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നത്. മലപ്പുറം ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ ജോയിന്റ് വെഞ്ചറായി ചെയ്യുന്നതിന് 2000 കോടി രൂപയുടെ നിക്ഷേപത്തിനുള്ള പ്രൊപ്പോസലാണ് തയ്യാറാക്കിയിട്ടുള്ളത്. അഡ്വാൻസ് ടെക്നോളജി പാർക്കിന് രാമനാട്ടുകരയിൽ സംയുക്ത സംരംഭമായി 10000 കോടി രൂപയുടെ നിക്ഷേപവും കോഴിക്കോട് വെള്ളയിൽ കൺവെൻഷൻ സെന്ററിന് 120 കോടി രൂപയുടെ നിക്ഷേ

പവുമാണ് ഉദ്ദേശിക്കുന്നത്. പൊതുമേഖലയിൽ പൂട്ടിക്കിടന്നിരുന്ന ട്രാവൻകൂർ പ്ളൈവുഡിന്റെ ബാധ്യതകളെല്ലാം തീർത്ത് ഇൻഡസ്ട്രിയൽ പാർക്കായി ഡെവലപ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കുറ്റിപ്പുറം കിൻഫ്ര കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. കുണ്ടറയിലെ അലിൻഡ് ഫാക്ടറിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുമായി വൺടൈം സെറ്റിൽമെന്റുണ്ടാക്കി കായംകുളം കോ-ഓപ്പറേറ്റീവ് മില്ലിന്റെ ജപ്തി നടപടി ഒഴിവാക്കി. എൽ.എൻ.ജി ടെർമിനൽ പൂർത്തിയാകുന്നതോടെ കേരളത്തിൽ ഗ്യാസ് പൈപ്പ് പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗെയിലും കെ.എസ്.ഐ.ഡി.സി-യും ചേർന്ന് സംയുക്ത സംരംഭം ഉണ്ടാക്കുന്നതാണ്. കൊച്ചി, കോഴിക്കോട് നഗരങ്ങളിലാണ് ആദ്യത്തെ സിറ്റി ഗ്യാസിഫിക്കേഷൻ വർക്ക് ഏറ്റെടുക്കാൻപോകുന്നത്. എറണാകുളത്ത് ഏറ്റെടുക്കുന്ന 300 ഏക്കർ ഇലക്ട്രോണിക് ഹാർഡ്വെയർ വ്യവസായ പാർക്കിൽ 100 ഏക്കർ സ്ഥലം പ്രവാസികൾക്ക് മാത്രമായി നീക്കിവയ്ക്കുന്നതാണ്. കേന്ദ്ര സ്ഥാപനമായ ഹിന്ദുസ്ഥാൻ എഞ്ചിനീയറിംഗ് കോർപ്പറേഷനും സിൽക്കും തമ്മിലുള്ള സംയുക്ത സംരംഭത്തിന് കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ ഒന്നാംഘട്ടം പാലക്കാട് കമ്മീഷൻ ചെയ്യുകയും രണ്ടാം ഘട്ടത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെയും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെയും ആദ്യഘട്ടം കമ്മീഷൻ ചെയ്യാൻ തയ്യാറായി വരികയാണ്. കോട്ടയത്തെ ഇലക്ട്രോ സെറാമിക്സിനെ പുനരുദ്ധരിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂരിൽ പുഴയ്ക്കൽപ്പാടത്ത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ സ്ഥലത്ത് ചെറുകിട വ്യവസായങ്ങൾക്കായി ഒരു ബഹുനില വ്യവസായക്കെട്ടിടം ഈ വർഷം നിർമ്മിക്കുന്നതാണ്. കിനാലൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഫുഡ്പാർക്ക് ആരംഭിച്ചു. ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് പാർക്കിനുവേണ്ടി 50 ഏക്കർ സ്ഥലം ഇയർമാർക്ക് ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായസംരംഭകരുടെ അപേക്ഷകൾ പരിഗണിച്ചാണ് ഫുഡ്വെയർ മാനു ഫാക്ച്ചറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിച്ചത്. കേരളത്തിലെ പരമ്പരാഗത തൊഴിലാളികളുടെ വേതന വർദ്ധനവിന് ഈ വർഷം ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുകയാണ്. കയർപിരിമേഖല യിലെ തൊഴിലാളികൾക്ക് 150 രൂപ കൂലി നൽകുന്ന പദ്ധതി ഖാദി, കൈത്തറിമേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കു ന്നതാണ്. ചൗധരി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു പൊതുമേഖലാ സ്ഥാപനംപോലും വിറ്റഴിക്കപ്പെട്ടിട്ടില്ല. ട്രാവൻകൂർ ടൈറ്റാ നിയം പ്രോഡക്ട്സ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളിയെ പിരിച്ചുവിടു കയോ വെട്ടിക്കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. തൊഴിലാളികൾക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുകയും അതിന് കഴിയാത്ത സ്ഥലങ്ങളിൽ ഇടക്കാലാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് 312 കോടി രൂപയാണ് കയർ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി നൽകിയിട്ടുള്ളത്. കൈത്തറിക്ക് കേന്ദ്ര ഗവൺമെന്റ് നൽകിവന്നിരുന്ന റിബേറ്റ് നിറുത്തലാക്കിയത് പുന:സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. പാരിസ്ഥിതിക നിയമങ്ങൾ പാലിച്ചുകൊണ്ട്

പദ്ധതി പ്രാവർത്തികമാക്കണമെന്ന ഉത്തരവാണ് ശോഭാ ഹൈടെക് സിറ്റിക്ക് കൊടുത്തിട്ടുള്ളത്. കൊരട്ടിയിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുകയും കോഴിക്കോട് സൈബർ പാർക്കിന്റെ ശിലാസ്ഥാപനം നടത്തുകയുമുണ്ടായി. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്കും ഐ.ടി. വ്യവസായം വികസിപ്പിക്കുക എന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരള ത്തേയും ബാംഗ്ലൂർ, ഹൈദരാബാദ് എന്നീ ഐ.ടി. നഗരങ്ങളെപ്പോലെയാക്കി മാറ്റാനുള്ള ശ്രമം നടത്തികൊണ്ടിരിക്കുകയാണ്. സ്മാർട്ട്സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ടീകോമിന്റെ അനാവശ്യനിബന്ധനകൾ അംഗീകരി ക്കേണ്ടതില്ലെന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്. പുതിയതായി പതിനായിരം കോടി രൂപയുടെ നിക്ഷേപത്തിന് ആരംഭം കുറിക്കുകയും അതിൽ 2000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാന സർക്കാർ നേരിട്ട് നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.. വിജയകുമാർ): കേരളത്തിലെ പതിനേഴ് അംഗീകൃത തുറമുഖങ്ങളിൽ ആറെണ്ണത്തിന്റെ വികസന പദ്ധതികൾക്ക് പതിനായിരം കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് പ്രതീ ക്ഷിക്കുന്നത്. അഴീക്കൽ പോർട്ടിൽ 1500 കോടി രൂപയുടെ വികസന പദ്ധതിക്ക് ഇ-ടെണ്ടർ മുഖേന ആഗോള ടെണ്ടർ ക്ഷണിക്കുന്നതാണ്. ബേപ്പൂർ പോർട്ട് പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനോടുകൂടി വികസിപ്പി ക്കാൻ തീരുമാനിക്കുകയും ആദ്യഘട്ടത്തിന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ 20 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. പൊന്നാനി പോർട്ടിന്റെ വികസനത്തിനായി ഇ-ടെണ്ടറിലൂടെ ആഗോള ടെണ്ടർ വിളിച്ചുകഴിഞ്ഞു.

ആലപ്പുഴ പോർട്ട് ഒരു അന്തർദേശീയ മറീനയും കാർഗോ ഹാർബറുമായി വികസിപ്പിക്കാൻ കൺസൾട്ടന്റിന്റെ റിപ്പോർട്ട് ആഗസ്റ്റ് മാസത്തിൽ പ്രതീക്ഷിക്കുന്നു. ഒരു കസ്റ്റംസ് പോർട്ടായി മാറിക്കഴിഞ്ഞ കൊല്ലം പോർട്ടിൽ വികസന പ്രവൃത്തികൾ നടന്നുവരുന്നു. വിഴിഞ്ഞം പോർട്ടിൽ പുതിയ വാർഫ് ഉൽഘാടനം ചെയ്യുകയും ഒരു ട്രക്ക് മൗണ്ടഡ് മൊബൈൽ ക്രെയിൻ സ്ഥാപിക്കുകയും കൊച്ചിൻ കപ്പൽശാലയുടെ നേതൃത്വത്തിൽ ബൊളാഡ് പൂൾ ടെസ്റ്റിംഗ് ഫെസിലിറ്റി സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. വിഴിഞ്ഞം പോർട്ട് ദ്വിമുഖ പദ്ധതിയിലൂടെയാണ് നടപ്പാക്കാൻ പോകുന്നത്. ഒരു സർക്കാർ കമ്പനിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി നാലുവരി പാത നിർമ്മിക്കാൻ സ്ഥലം അക്വയർ ചെയ്യുകയും അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണോദ്ഘാടനം ആഗസ്റ്റ് മാസം 11-ാം തീയതി നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. പത്ത് കിലോമീറ്റർ റെയിൽ കണക്ടിവിറ്റിയുടെ നിർമ്മാണം ഉടനെ ആരംഭിക്കും. വെള്ളായണി കായലിൽ നിന്നും വിഴിഞ്ഞത്തേയ്ക്കുള്ള വാട്ടർ സപ്ലൈക്കുവേണ്ടി 4 കോടി രൂപയുടെ ടെണ്ടർ നൽകിക്കഴിഞ്ഞു. സെക്കൻഡ് ഫെയ്സിന് ആഗസ്റ്റ് മാസത്തിൽ ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന്റെ 20 ശതമാനമെങ്കിലും ജലമാർഗ്ഗമാക്കുകയെന്ന ലക്ഷ്യത്തോടെ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളെ ഉൾപ്പെടുത്തി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി രണ്ട് മാസത്തിനുള്ളിൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. നീണ്ടകരയിലും മഞ്ചേശ്വരത്തിലെ മീഞ്ചയിലും മാരിടൈം

അക്കാദമികൾ സ്ഥാപിച്ചുകഴിഞ്ഞു. തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മാരിടൈം ബോർഡ് സ്ഥാപിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സ്വീകരിക്കുകയാണ്.

(ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുമ്പിൽ വന്ന് ബഹളം വയ്ക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് അവർ സീറ്റിലേയ്ക്ക് തിരികെ പോകുകയും ചെയ്തു.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 73 വോട്ടുകളോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയുടെ പരാമർശം ഖേദം പ്രകടിപ്പിച്ച് പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും

എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.54-ന് പിരിഞ്ഞു.